# ഹയർ സെക്കൻഡറി ഡയറക്ടറുടെ നടപടിക്രമങ്ങൾ

## (ഹാജർ കെ.വി.മോഹൻകുമാർ ഐ.എ.എസ്സ്)

## സംഗ്രഹം

**ഹയർസെക്കൻഡറി വിദ്യാഭ്യാസം – ജീവനക്കാര്യം – ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ അദ്ധ്യാപകരുടെ 2015–16 വർഷത്തെ പൊതുസ്ഥലമാറ്റം – ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**നംമ്പർ.എഡി.സി6/5697/ഹ.സെ.വി/2015 തീയതി : 21/05/2016**

സൂചന: (1) 18/1/16 ലെ Ad C6/5697/2015/ ഹ.സെ.വി/സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ച അന്തിമ സ്ഥലമാറ്റ പട്ടിക.

(2) OA 1276/15 നമ്പർ കേസിൽ ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 27/4/16 ലെ ഉത്തരവ്.

## ഉത്തരവ്

18/1/2016 ലെ സൂചന (1) സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ച സ്ഥലമാറ്റ പട്ടികയിൽ ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ വിവിധ കേസുകളിൽ പുറപ്പെടുവിച്ച ഉത്തരവുകൾ പ്രകാരമുള്ള മാറ്റങ്ങൾ വരുത്തിക്കൊണ്ട് 2015–16 ഹയർസെക്കൻഡറി അദ്ധ്യാപകരുടെ പൊതുസ്ഥലമാറ്റം നടപ്പിലാക്കുന്നതിന് സൂചന (2) ലെ ഉത്തരവിൽ അനുമതി നൽകുകയുണ്ടായി. മേൽ സാഹചര്യത്തിൽ താഴെ ചേർത്ത നിബന്ധനകൾക്ക് വിധേയമായി 2015–16 ലെ ഹയർസെക്കൻഡറി അദ്ധ്യാപകരുടെ പൊതു സ്ഥലമാറ്റം 01.06.2016 ന് പ്രാബല്യത്തിൽ വരുന്നവിധം ഇതിനാൽ ഉത്തരവാകുന്നു.

1. ഈ ഉത്തരവ് പ്രകാരമുള്ള സ്ഥലമാറ്റം OA 1276/15 നമ്പർ കേസിൽ ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിക്കുന്ന അന്തിമ ഉത്തരവിനു വിധേയമായിരിക്കും.
2. സ്ഥലമാറ്റം ലഭിച്ച അദ്ധ്യാപകർ 1/06/2016 ന് അതാതു സ്കൂളുകളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.
3. അദ്ധ്യാപകർ സമർപ്പിച്ച ഓൺലൈൻ അപേക്ഷയിൽ അവകാശപ്പെട്ട മുൻഗണനകൾ പ്രിൻസിപ്പൽമാർ ശുപാർശ ചെയ്തത് അനുസരിച്ചാണ് മുൻഗണന പ്രകാരമുള്ള ആനുകൂല്യം നൽകിയിട്ടുള്ളത്. ഏതെങ്കിലും അദ്ധ്യാപകർ തെറ്റായ വിവരങ്ങൾ നൽകി മുൻഗണന അവകാശപ്പെട്ട് അനർഹമായി സ്ഥലംമാറ്റം നേടിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം പ്രസ്തുത സ്ഥലം മാറ്റം റദ്ദു ചെയ്യുന്നതും തെറ്റായ വിവരങ്ങൾ സമർപ്പിച്ച അദ്ധ്യാപകനും ആയത് ശുപാർശ ചെയ്ത പ്രിൻസിപ്പലിനും എതിരായി കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.
4. ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഇടക്കാല ഉത്തരവുകൾ പ്രകാരം ലഭിച്ച നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷകരെ നിലവിലുള്ള സ്കൂളുകളിൽ നിയമിക്കുന്നതിനും, നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുള്ള സ്കൂളുകളിലേയ്ക്ക് മാറ്റി നിയമിക്കുന്നതിനും, ഒരേ ജില്ലയിൽ ജോലി ചെയ്യുന്ന ദമ്പതികൾക്കുള്ള മുൻഗണന ആനുകൂല്യം തെറ്റായി അവകാശപ്പെട്ടിട്ടുള്ളത് പുന:പരിശോധിക്കുന്നതിനും ഉൾപ്പെടെയുള്ള നിവേദനങ്ങളിന്മേലുള്ള തീരുമാനങ്ങൾ അനുസരിച്ചുള്ള ഭേദഗതികൾ ഈ സ്ഥലമാറ്റ ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 31.3.2016 നോ

അതിനുശേഷമോ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്കും അധിക തസ്തിക സൃഷ്ടിക്കുന്നതുവഴി ഉണ്ടാകാനിടയുള്ള തസ്തികകളി ലേയ്ക്കും പരിഗണിക്കുന്നതിന് തീരുമാനിച്ചുകൊണ്ട് തീർപ്പാക്കിയ നിവേദനങ്ങൾ അനുസരിച്ചുള്ള സ്ഥലംമാറ്റ ഉത്തരവ് പിന്നീട് പുറ പ്പെടുവിക്കുന്നതാണ്.

ഒപ്പ്

ഡയറക്ടർ